# പതിനൊന്നാം കേരള നിയമസഭ

നാലാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2002 ജൂലായ് 18, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

176(*529) കള്ളുല്പന്നങ്ങൾ

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ.കെ. ശങ്കരനാരായണൻ) നൽകിയ മറുപടിയിൽ, കള്ളിൽനിന്നും ഉണ്ടാക്കുന്ന എല്ലാ ഉല്പന്നങ്ങളും അബ്കാരി നിയമങ്ങൾക്ക് വിധേയമാണെന്ന് സഭയെ അറിയിച്ചു. തെങ്ങ്, പന, ചൂണ്ടപ്പന എന്നീ വൃക്ഷങ്ങളിൽനിന്നും കള്ള് ഉല്പാദിപ്പിച്ച് അബ്കാരി നിയമ പ്രകാരം കള്ളു ഷാപ്പുകളിൽക്കൂടി വിൽക്കുന്നതിനുള്ള അവകാശം മാത്രമേ നൽകിയിട്ടുള്ളൂ. ഉല്പാദിപ്പിക്കുന്ന കള്ളും വിൽക്കുന്ന കള്ളും തമ്മിൽ ക്വാണ്ടിറ്റിയിൽ വ്യത്യാസം വന്നതുകൊണ്ടാണ് കള്ളുഷാപ്പുകളുടെ എണ്ണം കുറയ്ക്കുന്നതിനെ സംബന്ധിച്ച് ആലോചിച്ചത്. വ്യാജ കള്ള് പരിശോധന നടത്തി കണ്ടുപിടിക്കുന്നതിനായി ലബോറട്ടറികളിലെ ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനെതിരെ കർശന നിയമ നടപടികൾ സ്വീകരിക്കുന്നതാണ്. കള്ളു പരിശേധന നടത്തുന്നതിനുള്ള മൊബൈൽ ടെസ്റ്റിംഗ് ലാബുകൾ പുന:സ്ഥാപിക്കുന്നതിനെ സംബന്ധിച്ച് ആലോചിക്കുന്നതാണ്. കള്ളുഷാപ്പുകൾക്ക് ലൈസൻസ് കൊടുക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള 400 മീറ്റർ ദൂരപരിധി കുറയ്ക്കുന്നതിനെ സംബന്ധിച്ച് പരിശോധിക്കുന്നതാണ്. കള്ളിൽനിന്നും നീര, ചക്കരക്കള്ള് തുടങ്ങിയ നൂതന ഉല്പന്നങ്ങൾ ഉണ്ടാക്കി കൃഷിക്കാർക്ക് ഉപകാരപ്രദമായ രീതിയിൽ മാറ്റം വരുത്താൻ സാധിക്കുമോയെന്നതിനെ സംബന്ധിച്ച് ആലോചിക്കുന്നതാണ്. അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയിലെ ഒരു സംഘം വിദഗ്ദ്ധർ കള്ളിൽനിന്നും തയ്യാറാക്കിയ കേരസുധ എന്ന പാനീയം മാർക്കറ്റിൽ ഇൻട്രൊഡ്യൂസ് ചെയ്യുന്നതിനുള്ള അനുവാദം ചോദിച്ചിട്ടുണ്ട്. അത് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. അബ്കാരി നിയമത്തിൽ ഭേദഗതി വരുത്തി ചക്കര സൊസൈറ്റികൾ രൂപീകരിച്ച് കള്ളുചെത്ത് പ്രോത്സാഹിപ്പിക്കുന്നതിനെ സംബന്ധിച്ച് ആലോചിക്കുന്നതാണെന്ന് ഒരു ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

177(*530) കയറുല്പന്നങ്ങളുടെ കയറ്റുമതി

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ.ആർ. ഗൗരിയമ്മ) നൽകിയ മറുപടിയിൽ, ഫ്രാൻസ്, ഇറ്റലി, അമേരിക്കൻ ഐക്യനാടുകൾ, ബ്രസീൽ, തെക്കൻ കൊറിയ, ബെൽജിയം, ജർമ്മനി, നെതർലാന്റ്, കാനഡ, സ്പെയിൻ, കുവൈറ്റ്, ഇംഗ്ളണ്ട്, ടർക്കി, പാകിസ്ഥാൻ, പോർച്ചുഗൽ എന്നീ വിദേശ രാജ്യങ്ങളാണ് പ്രധാനമായും കയറും കയറുല്പന്നങ്ങളും വാങ്ങുന്നതെന്ന് സഭയെ അറിയിച്ചു. 2001–2002–ൽ 32058.35 ലക്ഷം രൂപയുടെ 71334.81 ടൺ കയറും കയറുല്പന്നങ്ങളും ഈ രാജ്യങ്ങൾ വാങ്ങിയിട്ടുണ്ട്. കയർ ജിയോ ടെക്സ്റ്റയിൽസ് വികസനത്തിനും വിപണനത്തിനുമുള്ള സഹായമായി നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 120 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്. ജിയോ ടെക്സ്റ്റയിൽസിന്റെ വൈവിദ്ധ്യമാർന്ന ഉപയോഗങ്ങൾക്ക് സാങ്കേതിക നിർദ്ദേശങ്ങൾ നൽകുന്ന റഫറൻസ് മാനുവലായ ഒരു ഗ്രന്ഥം പ്രസിദ്ധീകരണത്തിന് തയ്യാറായിട്ടുണ്ട്. ജിയോ ടെക്സ്റ്റയിൽസിന്റെ വികസനത്തിലൂടെ കയർ വിപണനത്തിന് പുതിയ മേഖലകൾ കണ്ടെത്തി കയറിന്റെ കയറ്റുമതി വർദ്ധിപ്പിക്കാവുന്നതാണ്. ജിയോ ടെക്സ്റ്റയിൽസ് ഉല്പാദനത്തിനായി 100 സ്കീമുകൾ എടുത്തിരുന്നുവെങ്കിലും അവ പ്രാവർത്തികമാക്കാൻ ഒരു പഞ്ചായത്തും തയ്യാറായില്ല. ഇതിനാവശ്യമായ നോട്ടിഫിക്കേഷൻ പബ്ളിഷ് ചെയ്യേണ്ടതായിട്ടുണ്ട്. അതിനുശേഷം മാത്രമേ മറ്റ് നടപടികളിലേയ്ക്ക് നീങ്ങുകയുള്ളൂ. ഇതുകൂടാതെ കയർ വിഭാഗത്തിൽ ഗവേഷണത്തിനും വികസനത്തിനും വേണ്ടി നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 35 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ ആഗോള ആവശ്യങ്ങൾക്ക് അനുസൃതമായി ഗുണമേന്മയും വൈവിദ്ധ്യമാർന്നതും വിപണിയിൽ വിലമാത്സര്യം നേരിടാൻ പോരുന്ന ഉല്പന്നങ്ങൾ സൃഷ്ടിച്ചെടുക്കാൻ ഒരു കയർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് കേരളത്തിൽ സ്ഥാപിക്കുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യപെട്ടിട്ടുണ്ട്. ഗുണമേന്മയുള്ളതും ആകർഷകങ്ങളുമായ ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിനും വിപണനം നടത്തുന്നതിനും വ്യവസായ സംരംഭകർക്ക് അടിസ്ഥാന സൗകര്യങ്ങൾ നൽകിവരുന്നുണ്ട്. കയറിന്റെ ഗവേഷണത്തിനും വികസനത്തിനും കയർ പാർക്കിൽ സൗകര്യങ്ങൾ നൽകാൻ ഉദ്ദേശിക്കുന്നു. ഇതുമൂലം മൂല്യാധിഷ്ഠിത ഉല്പന്നങ്ങൾ നിർമ്മിച്ച് ഡിമാന്റ് വർദ്ധിപ്പിക്കാൻ കഴിയുന്നതാണ്. ഫോം മാറ്റിംഗ്സ് ഇൻഡ്യാ ലിമിറ്റഡ് ഈ സാമ്പത്തിക വർഷം മുതൽ കയറും ഫൈബറും ചേർത്ത് പ്രത്യേക നിറത്തിൽ വൗച്ച് മാറ്റിംഗ് നിർമ്മിച്ച് വിദേശത്തേയ്ക്ക് കയറ്റി അയയ്ക്കുന്നുണ്ട്. പരസ്യത്തിനും പ്രചരണത്തിനുമായി വകകൊള്ളിച്ചിട്ടുള്ള 30 ലക്ഷം രൂപ ഉപയോഗിച്ച് ആഭ്യന്തരവും അന്തർദേശീയവുമായ പ്രചരണം വഴി കയറ്റുമതി വികസനം ത്വരിതപ്പെടുത്താവുന്നതാണ്. കയർ മേഖലയിൽ മെക്കനൈസേഷൻ പ്രാവർത്തികമാക്കുന്നതിനും കയർ സൊസൈറ്റികൾ റി–ഓർഗനൈസ് ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനുമായി എക്സ്പോർട്ടേഴ്സ്, ട്രേഡ് യൂണിയൻ നേതാക്കൾ, ചെറുകിട ഉല്പാദകർ, സഹകരണ രംഗത്ത് പ്രവർത്തിക്കുന്നവർ എന്നിവരുമായി കോൺഫറൻസുകൾ നടത്തിയിട്ടുണ്ട്. ഇനിയും ഇത്തരം കോൺഫറൻസുകൾ നടത്തി ഇക്കാര്യത്തിൽ ആവശ്യമായ മാറ്റം വരുത്തുന്നതിന് ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ശ്രമം തുടരുന്നതാണ്. കയർ ബോർഡ് 50%

സബ്സിഡി കൊടുത്ത് വിദേശ രാജ്യങ്ങളിൽ നടക്കുന്ന അന്താരാഷ്ട്ര എക്സിബിഷനുകളിൽ ഇവിടത്തെ വൈവിദ്ധ്യമാർന്ന ഉല്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ട്. കൂടാതെ ഇക്കാര്യത്തിനായി വിദേശ രാജ്യങ്ങളിലേയ്ക്ക് ഡെലിഗേഷനേയും അയയ്ക്കുന്നുണ്ട്. നമ്മുടെ സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന നൂതനവും വൈവിദ്ധ്യവുമാർന്ന കയറുല്പന്നങ്ങളെക്കുറിച്ച് ഇൻഡ്യയ്ക്കകത്തും പുറത്തുമുള്ള ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തുന്നതാണ്. കയറുല്പാദനവും കയറ്റുമതിയും വർദ്ധിപ്പിക്കുന്നതിനുവേണ്ടിയാണ് ഈ വർഷത്തെ ബഡ്ജറ്റിൽ ആർ. ആന്റ് ഡി.ക്ക് കൂടുതൽ പണം വകയിരുത്താൻ ഗവൺമെന്റ് നടപടി സ്വീകരിച്ചത്. യന്ത്രവൽകരണ റാട്ടുകൾ നിർമ്മിച്ച് സൊസൈറ്റികൾക്കും വ്യക്തികൾക്കും വിതരണം ചെയ്യുന്നതിനുവേണ്ടിയുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞു. കയറിനും കയർ ഉല്പന്നങ്ങൾക്കും എം.ഇ.പി. പിൻവലിച്ച നടപടി പുന:സ്ഥാപിക്കുന്നതിന് കയർ ബോർഡിൽ സമ്മർദ്ദം ചെലുത്തിയിട്ടുണ്ട്. കയർ ബോർഡിലും കേന്ദ്ര ഗവൺമെന്റിലും സമ്മർദ്ദം ചെലുത്തി കയർ ഉല്പന്നങ്ങളുടെ കയററുമതി പ്രോത്സാഹിപ്പിക്കുന്നതിനും കൂടുതൽ ഓർഡേഴ്സ് നേടിയെടുക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. റിബേറ്റ് കുടിശ്ശികയിനത്തിൽ 6 കോടി രൂപയും ഒരു കൊല്ലത്തെ എം.ഡി.എ.യും കൊടുത്തു.

178(*531) <u>മന്ത്രിമാരുടെ മേൽനോട്ടത്തിൽ ജില്ലാ തലത്തിൽ നടത്തിയ റവന്യൂ പിരിവ്</u>

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ ഓരോ മന്ത്രിമാരേയും ഓരോ ജില്ലയുടെ റവന്യൂ പിരിവിന്റെ മേൽനോട്ടം വഹിക്കുന്നതിനായി ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ 2001–2002 സാമ്പത്തിക വർഷം 5905.04 കോടി രൂപയുടെ (അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്ക് പ്രകാരം) നികുതി വരുമാനം ലഭിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. കോടതിയിൽ കെട്ടിക്കിടക്കുന്ന കേസ്സുകളിൻമേൽ എത്രയും വേഗം തീർപ്പു കല്പിക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. റവന്യൂ കുടിശ്ശിക വരുത്തിയാൽ 50% തുക അടച്ചാൽ മാത്രമേ സ്റ്റേ അനുവദിക്കുകയുള്ളൂവെന്നും ബാക്കി തുകയ്ക്കു മാത്രമേ ഇൻസ്റ്റാൾമെന്റ് അനുവദിക്കുകയുള്ളൂവെന്നും ഒരു ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

179(*532) <u>നെൽക്കൃഷിക്കുള്ള വൈദ്യുതി ചാർജ്</u>

കൃഷിയും കയറും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, കൃഷി വകുപ്പിന്റെ കണക്കു പ്രകാരം 2001–02 അവസാനം വരെ 32 കോടി രൂപ കുടിശ്ശികയിനത്തിൽ ഇലക്ട്രിസിറ്റി ബോർഡിന് നൽകാനുണ്ടെന്ന് സഭയെ അറിയിച്ചു. എന്നാൽ കുടിശ്ശികയിനത്തിൽ 56 കോടി രൂപ കൊടുക്കാനുണ്ടെന്നാണ് ഇലക്ട്രിസിറ്റി ബോർഡ് പറയുന്നത്. ഇക്കാര്യത്തിൽ ഇലക്ട്രിസിറ്റി ബോർഡും കൃഷി വകുപ്പും തമ്മിൽ യോജിപ്പിൽ എത്തേണ്ടതാണ്. 2002–03–ൽ ഈ ഇനത്തിലുണ്ടാകുന്ന ബാദ്ധ്യത

16 കോടി രൂപയാണ്. വൈദ്യുതി സൗജന്യത്തിനായി ഈ വർഷം മൂന്നു കോടി രൂപ ബഡ്ജറ്റിൽ വക

കൊള്ളിച്ചിട്ടുണ്ട്. വൈദ്യുതി ബോർഡിന് ഈ ഇനത്തിലെ കുടിശ്ശിക മുഴുവൻ തീർക്കാനാവശ്യമായ തുക ലഭ്യമാക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തിവരുന്നു. 1997 വരെ ഈ തുക ബോർഡിന് ഗവൺമെന്റ് നേരിട്ട് കൊടുക്കുകയായിരുന്നു. കാശിന്റെ കാര്യത്തിൽ തർക്കമുണ്ടായതിനെത്തുടർന്ന് കൃഷിക്കാർ നേരിട്ട് കാശ് അടച്ചതിനുശേഷം ഗവൺമെന്റ് തിരികെ നൽകാമെന്ന് 1999–ൽ ഒരു ഉത്തരവ പാസ്സാക്കി. കർഷകർക്ക് ബുദ്ധിമുട്ടുണ്ടാകാത്ത വിധത്തിൽ നിലവിലുള്ള സംവിധാനത്തിൽ മാറ്റം വരുത്തുന്നതു സംബന്ധിച്ച് ബന്ധപ്പെട്ടവരുമായി ചർച്ച നടത്തി യുക്തമായ നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. പമ്പിംഗ് സബ്സിഡിക്കായുള്ള സ്പെഷ്യൽ പാക്കേജിന് കുടിശ്ശിക തീർക്കാൻ അനുവദിച്ച 6 കോടി രൂപ പുഞ്ച സ്പെഷ്യൽ ആഫീസർ സമയത്തിന് കൊടുക്കാത്തതുകാരണം ലാപ്സായി. ഈ വർഷം സ്പെഷ്യൽ പാക്കേജ് നീട്ടിക്കൊടുത്തിട്ടുണ്ടെന്നും അത് വേഗം വാങ്ങിച്ചുകൊടുക്കാനുള്ള നടപടി സ്വീകരിക്കുന്ന താണെന്നും ഒരു ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

## രേഖാമൂലം നൽകിയ ഉത്തരങ്ങൾ

180 (*538) മയക്കുമരുന്നിന്റെയും കറുപ്പിന്റെയും കള്ളക്കടത്തും വില്പനയും തടയാൻ നടപടി

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, സംസ്ഥാനത്ത് നടക്കുന്ന മയക്കുമരുന്നിന്റെയും കറുപ്പിന്റെയും വ്യാപകമായ കള്ളക്കടത്തും വില്പനയും നിയന്ത്രിക്കുന്നതിന് എക്സൈസ് വകുപ്പിന്റെ കീഴിൽ ആന്റി നാർകോട്ടിക് സ്പെഷ്യൽ സ്ക്വാഡുകൾ ഓരോ ജില്ലയിലും എക്സൈസ് സർക്കിൾ ഇൻസ്പെക്ടറുടെ കീഴിൽ ഫലപ്രദമായി പ്രവർത്തിച്ചു വരുന്നുണ്ടെന്ന് അറിയിച്ചു. കൂടാതെ പോലീസ് വകുപ്പ് പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് രഹസ്യാന്വേഷണങ്ങളും റെയിഡുകളും നടത്തി കുറ്റക്കാർക്കെതിരെ കർശന നിയമനടപടികൾ സ്വീകരിച്ചുവരുന്നു. ഇതു സംബന്ധിച്ച് എക്സൈസ് വകുപ്പ് 53 കേസുകളും പോലീസ് വകുപ്പ് 479 കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

181 (*542) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുള്ള തുക

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, ഒൻപതാം പദ്ധതിയുടെ ഭാഗമായി അധികാര വികേന്ദ്രീകൃതാസൂത്രണം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് കൂടുതൽ പണവും അധികാരവും നൽകാൻ തീരുമാനിക്കുകയുണ്ടായെന്ന് അറിയിച്ചു. അതിന്റെ ഭാഗമായി ജനങ്ങളുടെ സമ്പൂർണ്ണ പങ്കാളിത്തത്തോടെ അധികാര വികേന്ദ്രീകരണ പ്രക്രിയ നടപ്പിലാക്കുന്നതിന് നൂതനമായ ജനകീയാസൂത്രണ പ്രസ്ഥാനം രൂപവൽക്കരിക്കുകയും വാർഷിക പദ്ധതിയുടെ 35 മുതൽ 40 ശതമാനം വരുന്ന തുക പഞ്ചായത്തുകൾ സ്വന്തമായി തയ്യാറാക്കുന്ന പദ്ധതികൾക്കായി ചെലവഴിക്കുന്നതിന് അനുവാദം നൽകുകയും ചെയ്തു.. 2001–2002 സാമ്പത്തികവർഷം പദ്ധതി അടങ്കലിന്റെ 28.2 ശതമാനം തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്.

182 (*545) മോട്ടോർ വാഹനങ്ങളുടെ ഇൻഷ്വറൻസ് തുക

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, മോട്ടോർ വാഹനങ്ങളുടെ ഇൻഷ്വറൻസ് തുകയിൽ ഏകദേശം 40 ശതമാനം വർദ്ധനവ് വന്നിട്ടുണ്ടെന്ന് അറിയിച്ചു. ഇൻഡ്യൻ ഇൻഷ്വറൻസ് മേഖലയിലെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്ന ഇൻഷ്വറൻസ് റെഗുലേറ്ററി ഡവലപ്മെന്റ് അതോറിറ്റി (ഐ.ആർ.ഡി.എ.) നിയന്ത്രണത്തിൽപ്പെടുന്ന താരിഫ് അഡ്വൈസറി കമ്മിറ്റിയാണ് ഇൻഷ്വറൻസ് നിരക്കുകൾ പുതുക്കി നിശ്ചയിക്കുന്നത്. പ്രസ്തുത നിരക്കുകൾ നടപ്പിലാക്കുവാൻ ഇൻഡ്യയിലെ എല്ലാ ഇൻഷ്വറൻസ് സ്ഥാപനങ്ങളും ബാദ്ധ്യസ്ഥരാണ്. 1-7-2002 മുതൽ പുതുക്കിയ നിരക്കുകൾ നിലവിൽ വന്നു. താരിഫ് അഡ്വൈസറി കമ്മിറ്റിക്കു മാത്രമേ പ്രീമിയം വർദ്ധനവ് പിൻവലിക്കുവാൻ സാധിക്കുകയുള്ളൂ.

182 (*548) സ്വർണ്ണവ്യാപാരത്തിലെ നികുതി വെട്ടിപ്പ് തടയാനും നികുതി പിരിവ് ഊർജ്ജിതമാക്കാനും നടപടി

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, 2001-2002-ൽ സ്വർണ്ണ വില്പന നികുതിയിനത്തിൽ 36.41 കോടി രൂപ ലഭിച്ചിട്ടുണ്ടെന്ന് അറിയിച്ചു. നികുതി വെട്ടിപ്പ് തടയാനും നികുതി പിരിവ് ഊർജ്ജിതപ്പെടുത്താനും വാണിജ്യ നികുതി വകുപ്പ് ഇൻവെസ്റ്റിഗേഷൻ ബ്രാഞ്ച് ശക്തിപ്പെടുത്തി, പാർസൽ ആഫീസുകൾ, ബാങ്കുകൾ തുടങ്ങിയ സ്ഥാപനങ്ങളുടെ റിക്കാർഡുകൾ പരിശോധിച്ച് നികുതി ചോർച്ച തടയുന്നതിനായി വിവരം ശേഖരിക്കുന്നുണ്ട്. നികുതി വെട്ടിപ്പ് സംബന്ധിച്ച് വിശ്വസനീയമായ വിവരം ലഭിച്ചുകഴിഞ്ഞാൽ വിൽപന നികുതി ചട്ടത്തിലെ റൂൾ 26 പ്രകാരം വ്യാപാര സ്ഥാപനങ്ങൾ പരിശോധിച്ച് നികുതി വെട്ടിപ്പ് തടയുന്നു. ചരക്കുകൾ വാഹനങ്ങൾ വഴി കടത്തിക്കൊണ്ട് പോകുമ്പോൾ തടഞ്ഞുനിർത്തി പരിശോധിച്ച് രേഖകൾ ഇല്ലാത്ത സാധനങ്ങൾക്ക് പിഴ ഈടാക്കുന്നു. റെയിൽവേ സ്റ്റേഷൻ, വിമാന ത്താവളങ്ങൾ തുടങ്ങിയവ കേന്ദ്രീകരിച്ച് നടത്തുന്ന നികുതി വെട്ടിപ്പ് തടയാൻ പ്രത്യേക പരിശോധന നടത്തുന്നു. നികുതി വെട്ടിപ്പ് കൂടുതലായി ഉണ്ടെന്ന് തോന്നുന്ന സാധനങ്ങൾക്ക് എൻട്രി ടാക്സ് ഏർപ്പെടുത്തിയിട്ടുണ്ട്.

183 (*549) ഔഷധ സസ്യകൃഷി

കൃഷിയും കയറും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, സംസ്ഥാനത്ത് ഈ സാമ്പത്തിക വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന മാക്രോ മാനേജ്മെന്റ് പദ്ധതിയിൽ ഔഷധ സസ്യക്കൃഷി പ്രോൽസാഹിപ്പിക്കുന്നതിനുള്ള ഒരു പ്രോജക്ട് കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി സമർപ്പി ച്ചിട്ടുണ്ടെന്ന് അറിയിച്ചു. ഈ പ്രോജക്ടിൽ ഔഷധ സസ്യ കൃഷി വികസനത്തിനായി 5 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്.

## നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

184(3321) സംസ്ഥാനത്ത് നൽകിവരുന്ന സബ്സിഡികൾ

സംസ്ഥാനത്ത് ഗവൺമെന്റ് താഴെപ്പറയുന്ന സബ്സിഡികൾ നൽകിവരുന്നു:

1. ബയോഗ്യാസ് വികസനം;

2. വ്യവസായ സ്ഥാപനങ്ങൾക്ക് അസംസ്കൃത വസ്തുക്കൾ വിതരണം ചെയ്യുന്നതുമൂലം കേരള ഫോറസ്റ്റ് ഡവലപ്മെന്റ് കോർപ്പറേഷനുണ്ടാകുന്ന നഷ്ടം നികത്തുന്നതിന്;

3. കാർഷിക ഭൂമിയിലെ മണ്ണുജല സംരക്ഷണത്തിനായുള്ള വിവിധ പദ്ധതികളിലൂടെ ഗുണഭോക്താക്കൾക്ക്;

4. കാർഷിക മേഖലയിൽ ഉല്പാദനോപാധികളായ വിത്ത്, വളം, നടീൽ വസ്തുക്കൾ എന്നിവയ്ക്കുള്ള സഹായം, ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് കിണർ, പമ്പ് സെറ്റ് തുടങ്ങിയവയ്ക്കുള്ള സഹായം, കൃഷിയിടങ്ങളിലെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള സഹായം, സസ്യസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്ന തിനുള്ള സഹായം, കാർഷിക യന്ത്രവൽക്കരണം പ്രോൽസാഹിപ്പിക്കുന്നതിന്റെ ഭാഗമായി കാർഷിക ഉപകരണങ്ങളും യന്ത്രങ്ങളും ലഭ്യമാക്കുന്നതിനുള്ള സഹായം, കാർഷിക ഉൽപന്നങ്ങൾ സംഭരിക്കുന്നതിനുള്ള സഹായം, കൃഷി ആവശ്യത്തിനുള്ള സൗജന്യ വൈദ്യുതി;

5. മത്സ്യത്തൊഴിലാളി മേഖലയിൽ, പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ഔട്ട്ബോർഡ് എൻജിനുകൾ വാങ്ങുന്നതിനും മത്സ്യ ബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിനായി ബാങ്ക് വായ്പയെടുക്കുന്ന മത്സ്യത്തൊഴിലാളികൾക്കും മത്സ്യബന്ധന വലകളും അനുബന്ധ സാമഗ്രികളും വാങ്ങുന്നതിനും പുതിയ രീതിയിലുള്ള മത്സ്യബന്ധന യാനങ്ങൾ വാങ്ങുന്നതിനും ഇന്റർ മീഡിയറി ക്രാഫ്റ്റ് വാങ്ങുന്നതിനും എൻ.സി.ഡി.സി. ധനസഹായത്തോടുകൂടി മത്സ്യഫെഡ് നടപ്പിലാക്കുന്ന പദ്ധതികൾക്കും;

6. സഹകരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്ന വിവിധ പദ്ധതികൾക്കും സംസ്ഥാന/ സർക്കിൾ സഹകരണ യൂണിയൻ, സഹകരണ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടുകൾ എന്നിവയുടെ പ്രവർത്തനങ്ങൾക്കും;

7. കൈത്തറി യന്ത്രത്തറി മേഖലയിൽ നൽകിവരുന്ന സബ്സിഡികൾ

8. കന്നുകുട്ടി പരിശീലന പദ്ധതിയിൽ ഉൾപ്പെട്ട കർഷകർക്ക് കാലിത്തീറ്റ ഇൻഷുറൻസ്, മരുന്നുകൾ മുതലായവയ്ക്ക്;

9. കുളമ്പു രോഗത്തിനെതിരെ പ്രതിരോധ കുത്തിവയ്പ് നടത്തുന്നതിന്;

10. ഇൻവെസ്റ്റ്മെന്റ് സബ്സിഡി.

പ്രതിവർഷം ഏകദേശം 134.51 കോടി രൂപ ഈയിനത്തിൽ ചെലവു വരുന്നു.

185 (3326) <u>സംസ്ഥാനത്തിന്റെ പൊതുകടം</u>

1–4–2001 മുതൽ 31–3–2002 വരെയുള്ള പൊതുകടം (താല്ക്കാലികം) 2526.39 കോടി രൂപയാണ്.

186 (3339) <u>നികുതി പിരിവ്</u>

നികുതി പിരിവിൽ കഴിഞ്ഞ സാമ്പത്തിക വർഷത്തെക്കാൾ നടപ്പു വർഷം 244.72 കോടി രൂപയുടെ (30–6–2002–ലെ കണക്കനുസരിച്ച്) വർദ്ധനവുണ്ടായിട്ടുണ്ട്.

187 (3413) <u>വനസംരക്ഷണ സമിതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ</u>

സംസ്ഥാനത്ത് 51 വനസംരക്ഷണ സമിതികൾ പ്രവർത്തിക്കുന്നുണ്ട്. സമിതിയുടെ പ്രവർത്തന മേഖലയിലെ വനത്തിന്റെ സംരക്ഷണവും ശാസ്ത്രീയ പരിപാലനവും വനം വകുപ്പുമായി ചേർന്ന് നടത്തുക, തടിയിതര വനവിഭവങ്ങളുടെ ശാശ്വതമായ ലഭ്യതയും ജൈവവൈവിദ്ധ്യ സംരക്ഷണവും ഉറപ്പാക്കുക, വികസന–സാമൂഹ്യ ക്ഷേമപ്രവർത്തനങ്ങൾക്ക് പ്രാദേശിക നേതൃത്വം കൊടുത്ത് സാമൂഹ്യ സുരക്ഷ ഉറപ്പാക്കുക എന്നിവയാണ് വനസംരക്ഷണ സമിതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ.

188 (3420) <u>അട്ടപ്പാടി പരിസ്ഥിതി പുനഃസ്ഥാപന പദ്ധതി</u>

ജപ്പാൻ ബാങ്ക് ഫോർ ഇന്റർനാഷണൽ കോ–ഓപ്പറേഷൻ എന്ന സ്ഥാപനവും ഇൻഡ്യാ ഗവൺമെന്റും തമ്മിൽ 25–1–1996–ൽ ഒപ്പുവച്ച വായ്പാ കരാർ പ്രകാരം നിലവിൽ വന്ന അട്ടപ്പാടി പരിസ്ഥിതി പുനഃസ്ഥാപന പദ്ധതിയുടെ അടങ്കൽ തുക 219 കോടി രൂപയാണ്. ഇതിൽ 176 കോടി രൂപ ജെ.ബി.ഐ.സി. യിൽനിന്ന് ലോൺവിഹിതവും 43 കോടി രൂപ സംസ്ഥാന സർക്കാർ വിഹിതവുമാണ്. അട്ടപ്പാടിയുടെ ക്ഷയോൻമുഖമായിത്തീർന്ന പരിസ്ഥിതിയെ പുനരുജ്ജീവിപ്പിച്ച് സാമൂഹികവും സാമ്പത്തികവുമായ പുരോഗതി ഉറപ്പുവരുത്തുക എന്നതാണ് പ്രസ്തുത പദ്ധതിയുടെ ലക്ഷ്യം.

189 (3433) <u>സ്പോർട്സ് അതോറിറ്റി ഓഫ് ഇൻഡ്യയുടെ സഹായം ലഭിക്കുന്ന സ്ഥാപനങ്ങൾ</u>

സംസ്ഥാനത്ത്, സ്പോർട്സ് പ്രോജക്ട് ഡവലപ്മെന്റ് ഏരിയാ സെന്റർ–കൊല്ലം, എസ്.എ.ജി.–ആലപ്പുഴ, എസ്.പി.ഡി.എ.–തൃശൂർ, ട്രെയിനിംഗ് സെന്റർ–കോഴിക്കോട്, ട്രെയിനിംഗ് സെന്റർ– തലശ്ശേരി എന്നീ സ്പോർട്ട് സെന്ററുകൾക്ക് സ്പോർട്സ് അതോറിറ്റി ഓഫ് ഇൻഡ്യയുടെ സഹായം ലഭിക്കുന്നുണ്ട്. കൂടാതെ റൂറൽ സ്പോർട്സ് ടൂർണമെന്റ്, വിമെൻസ് സ്പോർട്സ് ഫെസ്റ്റിവൽ എന്നിവയുടെ നടത്തിപ്പിനുള്ള ധനസഹായവും നൽകുന്നു. കാര്യവട്ടത്തെ ലക്ഷ്മീഭായി നാഷണൽ കോളേജ് ഓഫ് ഫിസിക്കൽ എഡ്യൂക്കേഷന്റെ പ്രവർത്തനം സ്പോർട്സ് അതോറിറ്റി ഓഫ് ഇൻഡ്യയുടെ നിയന്ത്രണത്തിലാണ്.

190 (3434) <u>ഫ്ളഡ്‌ലൈറ്റ് സൗകര്യങ്ങളുള്ള സ്റ്റേഡിയങ്ങൾ</u>

സംസ്ഥാനത്ത് 400 മീറ്റർ ട്രാക്കുള്ള 47 ഓപ്പൺ സ്റ്റേഡിയങ്ങളുള്ളതിൽ 5 സ്റ്റേഡിയങ്ങളിൽ ഫ്ളഡ്‌ലൈറ്റ് സൗകര്യങ്ങളും തിരുവനന്തപുരത്തെ യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിൽമാത്രം സിന്തറ്റിക്ക് ട്രാക്കും നിലവിലുണ്ട്.

191 (3435) <u>ജലോൽസവങ്ങൾ</u>

സംസ്ഥാനത്ത് ആലപ്പുഴ, ആറൻമുള, നീരേറ്റുപുറം, കരുനാഗപ്പള്ളി, തകഴി, ചമ്പക്കുളം, പായിപ്പാട്, പുളിങ്കുന്ന്, കുമരകം, കവണാറ്റിൻകര, ആർപ്പൂക്കര, താഴത്തങ്ങാടി, കോട്ടപ്പുറം, പല്ലന, മാന്നാർ തുടങ്ങിയ സ്ഥലങ്ങളിൽ ജൂൺമാസം മുതൽ സെപ്റ്റംബർ മാസംവരെ ജലോൽസവങ്ങൾ നടക്കുന്നു.